സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം, മറ്റു പലതിന്റെയും കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്

(i) അർഹമായ അവകാശപ്പെടാത്ത തുകകൾ നിശ്ചിത സമയത്തിനുള്ളിൽ ഡിപ്പോസിറ്റർ എജ്യുക്കേഷൻ ആൻഡ് അവയർനസ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

(ii) കറന്റ് അക്കൗണ്ടുകളിൽ കൂടിയല്ലാതെയും പലിശ രഹിത നിക്ഷേപങ്ങൾ സ്വീകരിച്ചു.

(iii) ആദായനികുതി അടയ്ക്കുന്നതിൽ നിന്ന് മുഴുവൻ വരുമാനവും ഒഴിവാക്കപ്പെടാത്ത സ്ഥാപനങ്ങളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറന്നു.

(iv) കെ.വൈ.സി.യുടെ അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള പുതുക്കൽ നടത്തുന്നതിലും നിശ്ചിത കാലക്രമത്തിൽ അക്കൗണ്ടുകളുടെ അപകടസാധ്യത വർഗ്ഗീകരണം അവലോകനം ചെയ്യുന്നതിലും പരാജയപ്പെട്ടു.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2024-2025/1578** ചീഫ് ജനറൽ മാനേജർ